**<u>രണ്ടാം ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രി പങ്കെടുക്കും</u>**

_

ആഗസ്ത് 30, 2017

കൊളംബോയിൽ 2017 ആഗസ്ത് 31 നു നടക്കുന്ന രണ്ടാം ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിൽ കേന്ദ്ര വിദേശകാര്യ മന്ത്രി പങ്കെടുക്കും. ഇന്ത്യാ ഫൌണ്ടേഷനുംസിംഗപ്പൂരിലെ എസ്. രാജരത്നം സ്കൂൾ ഓഫ് ഇന്ററർനാ.ഷണൽ സ്റ്റഡീസ് (RSIS), കൊളംബോയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്ററൽ സ്റ്റഡീസ് എന്നിവ സംയുക്തമായാണ് ദ്വിദിന സമ്മേളനം സംഘടിപ്പിക്കുന്നത് . വിദേശകാര്യ മന്ത്രി ഉദ്ഘാടന സമ്മേളനത്തെ അഭിസംബോധന ചെയ്യും . '' സമാധാനം , വികാസം, പുരോഗതി'' എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ ആശയം. 35 ലധികം രാജ്യങ്ങളിൽ നിന്നും സമ്മേളനത്തിൽ പങ്കെടുക്കും . ഇന്ത്യൻ മഹാസമുദ്ര സമ്മേളനത്തിന്റെ ആദ്യ സമ്മേളനം സെപ്തംബർ 2016 നു സിംഗപ്പൂരിൽ നടന്നു.

സന്ദര്ശനത്തോടു അനുബന്ധിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീലങ്കയുടെ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. ശ്രീലങ്കയുടെ വിദേശകാര്യ മന്ത്രിയുമായും അവർ പ്രത്യകം ചര്ച്ച്കൾ നടത്തും

ന്യൂഡല്ഹിം
ആഗസ്ത് 30, 2017